# ലൂർദ്ദ്

**1858**ൽ ഫ്രാൻസിലെ ലൂർദ്ദിൽ പരിശുദ്ധ അമ്മ 18 തവണ ബർണ്ണർദീത്താ സൊബിറസിന് പ്രത്യക്ഷപ്പെട്ടു. പരിശുദ്ധ അമ്മ ഈ സമയങ്ങളിൽ നൽകിയ സന്ദേശങ്ങൾ നമുക്കെല്ലാവർക്കും വേണ്ടി കൂടിയുള്ളതാണ്.

1844, ജനുവരി 7-ാം തിയ്യതിയാണ് ബർണ്ണർദീത്താ ജനിച്ചത്. ഫ്രാൻകോയീ സൊബിറസിന്റെയും ലൂയിസ് സൊബിറസിന്റെയും മൂത്ത മകളായിരുന്നു ബർണ്ണർദീത്താ. അവൾക്ക് ആറു സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. അതിൽ 10 വയസ്സിനു മുമ്പേ 5 പേർ മരിച്ചുപോയി. ഈ നഷ്ടങ്ങൾ അവരുടെ കുടുംബത്തെ സ്നേഹത്തിലും ഐക്യത്തിലും കൂടുതൽ ബന്ധിപ്പിച്ചു. ആ കുടുംബം എപ്പോഴും സമാധാനത്തിലായിരുന്നു. തന്റെ മാതാപിതാക്കന്മാർ ഒരിക്കൽ പോലും ശണ്ഠകൂടി കണ്ടിട്ടില്ലെന്ന് ബർണ്ണർദീത്താ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. കുടുംബത്തിന്റെ ഈ ദൃഢത, ദാരിദ്ര്യമോ, രോഗമോ, എന്തൊക്കെ പ്രശ്നങ്ങളുണ്ടായാലും അതിനെ അതിജീവിക്കാൻ ബർണ്ണർദീത്തയെ സഹായിച്ചു.

1854ൽ ഉണ്ടായ ചില സംഭവങ്ങൾ അവരുടെ ജീവിതത്തെ മാറ്റിമറിച്ചു. ബർണ്ണർദീത്തായുടെ പിതാവ് രണ്ടു ചാക്ക് ധാന്യം മോഷ്ടിച്ചതായി തെറ്റായി ആരോപിക്കപ്പെട്ട് ദിവസങ്ങളോളം ജയിലിൽ കിടന്നു. രണ്ടു വർഷത്തോളം നാട്ടിലുണ്ടായ വരൾച്ച ഗോതമ്പ് കൃഷിയേയും മില്ലിലെ ജോലിക്കാരെയും പ്രതികൂലമായി ബാധിച്ചു. മില്ലുടമയായിരുന്ന ഫ്രാൻകോയീസിന്റെ മില്ലും സ്തംഭിച്ചു. പണ്ട് ജയിൽമുറിയായി ഉപയോഗിച്ചിരുന്ന 'കച്ചോട്ട്' എന്ന ഒറ്റമുറിയുള്ള ഒരു താമസസ്ഥലത്തേക്ക് അവർക്ക് ഒതുങ്ങിക്കൂടേണ്ടി വന്നു. ഈ സമയത്ത് ബർണ്ണർദീത്തക്ക് കോളറ പിടിപെട്ടു. എപ്പോഴും വന്നിരുന്ന കടുത്ത പനി അവളുടെ ജീവിതകാലം മുഴുവൻ ശരീരത്തെ തളർത്തിയിരുന്നു. ഈ ചെറിയ മുറിയിൽ താമസിക്കുന്നു എന്നതിന്റെ പേരിൽ ജനങ്ങളിൽ നിന്നുള്ള ഒറ്റപ്പെടുത്തലുകൾ അവളുടെ ജീവിതത്തെ മാനസികമായും പീഡിപ്പിച്ചിരുന്നു. അവളുടെ ശാരീരിക രോഗങ്ങൾ സ്കൂളിൽ പോകുന്നതിന് പലപ്പോഴും തടസ്സം ചെയ്തിരുന്നു. പതിനാല് വയസ്സായിട്ടും അവൾക്ക് ഫ്രഞ്ച് ഭാഷ സംസാരിക്കാനോ, എഴുതാനോ അറിയില്ലായിരുന്നു. വേദപാഠം ഫ്രഞ്ചിൽ മാത്രമെ പഠിപ്പിച്ചിരുന്നുള്ളൂ. അതുകൊണ്ട് അവൾക്ക് വിശുദ്ധ കുർബ്ബാന സ്വീകരണത്തിനൊരുക്കമായുള്ള പഠനങ്ങളൊന്നും നടത്താൻ സാധിച്ചില്ല. പള്ളിയിൽ പോകും, പക്ഷേ, വിശുദ്ധ കുർബ്ബാന സ്വീകരിക്കുവാൻ അവർക്കു സാധിക്കില്ലായിരുന്നു. അമ്മയുടെ സ്നേഹം മാത്രമായിരുന്നു പലപ്പോഴും അവൾക്കു കിട്ടുന്ന ഏക സാന്ത്വനം. പിന്നീട് ഫാദർ പോമിയാൻ അവൾക്ക് വിശുദ്ധ കുർബ്ബാന നൽകാൻ തയ്യാറായി. പരിശുദ്ധ കന്യാമറിയത്തിന്റെ 18 ദർശനങ്ങൾ ബർണ്ണർദീത്തായ്ക്കായ് സ്വർഗ്ഗത്തിൽ നിന്നും നൽകപ്പെട്ടു. അതിനാൽ തന്നെ ലോകം ഒരിക്കലും ബർണ്ണർദീത്തായെ മറക്കില്ല.

**ആദ്യ ദർശനം – 1858 ഫെബ്രുവരി 11**

വിഭൂതി ബുധനു മുമ്പുള്ള ഒരു ദിവസം ബർണ്ണർദീത്തായുടെ അമ്മ വീട്ടിൽ ഒട്ടും വിറകില്ല എന്ന് തന്റെ മക്കളോടു പറഞ്ഞു. ബർണ്ണർദീത്തായും സഹോദരി ടോയ്നെറ്റിയും അയൽക്കാരിയായ ജെന്നി അബാഡിയും കൂടി വിറക് ശേഖരിക്കാൻ പോയി. തണുത്ത വെള്ളമുള്ള ഒരു കനാൽ കടന്നു വേണം അവർക്കു പോകാൻ. ആസ്മയുണ്ടായാലെന്ന ഭീതിയിൽ ബർണ്ണദീത്ത കനാൽ കടന്നില്ല. അവൾ അരുവിക്കിപ്പുറം നിന്ന ു. മറ്റു രണ്ടു പേരും അരുവി കടന്നു. അരുവിയുടെ കരയിൽ നിൽക്കുമ്പോൾ അവൾ കൊടുങ്കാറ്റു പോലുള്ള ഒരു സ്വരം കേട്ടു. പക്ഷെ, ഈ കൊടുങ്കാറ്റിൽ ഒന്നും ചലിക്കുന്നുണ്ടായിരുന്നില്ല. അവൾ പേടിച്ച് വിറച്ച് ചിന്താശക്തിയും സംസാരശക്തിയും നഷ്ടപ്പെട്ടവളെപ്പോലെയായി. അവൾ നോക്കിയപ്പോൾ അടുത്തുള്ള ഗ്രോട്ടോയിൽ പാറമേൽ ഒരു റോസാച്ചെടി ആടിക്കൊണ്ടിരിക്കുന്നത് കണ്ടു. ഗ്രോട്ടോയ്ക്കുള്ളിൽ നിന്നും സ്വർണ്ണനിറത്തിലുള്ള ഒരു മേഘവും അവിടെ ഇതുവരെ കണ്ടിട്ടില്ലാത്ത അത്രയും ഭംഗിയുള്ള ഒരു യുവതി വന്ന് റോസാച്ചെടിയുടെ മുകളിലായി നിൽക്കുന്നതും അവൾ കണ്ടു. യുവതി, ബർണ്ണർദീത്തായെ നോക്കി പുഞ്ചിരിതൂകി അടുത്തേക്കു

വരാൻ ആംഗ്യം കാണിച്ചു. ഒരു അമ്മയുടെ അത്ര വാത്സല്യത്തോടെയുള്ള ആ യുവതിയുടെ മുമ്പിൽ കൊന്തയെടുത്ത് ബർണ്ണർദീത്താ മുട്ടുകുത്തി. ആ അമ്മയുടെ വലതുകയ്യിലും ഒരു കൊന്തയുണ്ടായിരുന്നു. ബർണ്ണർദീത്താ കൊന്ത തുടങ്ങാനായി കുരിശുവരയ്ക്കാൻ കൈ ഉയർത്തിയപ്പോൾ കൈ തളർന്നുപോയി. ആ യുവതി കുരിശു വരച്ചതിനുശേഷം മാത്രമേ അവൾക്കു കുരിശുവരയ്ക്കാൻ സാധിച്ചുള്ളൂ. അവൾ കൊന്ത ചൊല്ലുന്ന നേരമത്രയും യുവതി നിശ്ശബ്ദതായി കൊന്തമണികൾ ഉരുട്ടിക്കൊണ്ടിരുന്നു. കൊന്ത കഴിഞ്ഞപ്പോൾ യുവതി പാറ യുടെ ഉൾഭാഗത്തേക്കു പോയി. അതോടെ സ്വർണ്ണമേഘവും അപ്രത്യക്ഷമായി.

അവൾ, അവിടെ നടന്ന അസാധാരണ സംഭവങ്ങളെല്ലാം തന്റെ സഹോദരിയോട് പറഞ്ഞു. അന്നത്തെ ദിവസം മുഴുവൻ മുമ്പ് കണ്ട രൂപം അവളുടെ മനസ്സിൽ തങ്ങി നിന്നു. സന്ധ്യാസ മയത്തെ പ്രാർത്ഥനയിൽ ഇതോർത്ത് അവൾ കരയാൻ തുടങ്ങി. എന്തിനാണെന്ന് അമ്മ തിര ക്കിയപ്പോൾ സഹോദരി എല്ലാ കാര്യങ്ങളും അമ്മയോടു പറഞ്ഞു. അതെല്ലാം വെറും തോന്ന ലുകളാണെന്ന് പറഞ്ഞ് ഇനി ഗ്രോട്ടോയിലേക്കു പോകുന്നത് അമ്മ വിലക്കി.

പക്ഷേ, ആ രാത്രി ബർണ്ണർദീത്തയ്ക്ക് ഉറങ്ങാൻ സാധിച്ചില്ല. ആ രൂപം അവളുടെ ഓർമ്മ യിൽ എപ്പോഴും വന്നു കൊണ്ടിരുന്നു. അത് മിഥ്യയാണെന്ന് അമ്മ പറഞ്ഞത് അവൾക്കു വിശ്വസിക്കാനായില്ല. അവൾ ആ രൂപത്തെക്കുറിച്ച് വർണ്ണിക്കാൻ തുടങ്ങി. "പതിനാറോ പതി നേഴോ വയസ്സുള്ള ഒരു പെൺകുട്ടിയാണത്. അരയിൽ നീല വാറുള്ള ഒരു വെള്ള ഉടുപ്പ് അവൾ ധരിച്ചിരുന്നു. ഉടുപ്പിന്റെ കഴുത്ത് ഭാഗത്ത് സ്വർണ്ണവളയമുണ്ടായിരുന്നു. തലയിൽ വെള്ള തുണി കൊണ്ടുള്ള ആവരണമുണ്ടായിരുന്നു. ഒഴിഞ്ഞ കാൽപാദങ്ങൾ വരെ ഉടുപ്പുണ്ടായിരു ന്നു. സ്വർണ്ണചെയിനിൽ വെള്ള മണികളുള്ള കൊന്ത കൈയിൽ ഉണ്ടായിരുന്നു." ഇതെല്ലാം കേട്ടു കഴിഞ്ഞപ്പോൾ അവൾക്ക് ഗ്രോട്ടോയിൽ പോകാൻ അമ്മ അനുവാദം കൊടുത്തു.

**രണ്ടാമത്തെ ദർശനം – 1858 ഫെബ്രുവരി 14 ഞായറാഴ്ച**

അന്ന് മൂന്ന് ചെറിയ പെൺകുട്ടികൾ ബർണ്ണർദീത്തായോടൊപ്പം ഗ്രോട്ടോയിൽ പോയി. ബർണ്ണർദീത്തായുടെ സഹോദരിയും അവരോടൊപ്പമുണ്ടായിരുന്നു. അവൾ കുടിലിൽ ചെന്ന് അമ്മയോട് നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. വളരെയധികം ജനങ്ങൾ ഇതിനെപ്പറ്റി സംസാരി ക്കാൻ തുടങ്ങി. അവിടെയുണ്ടായിരുന്ന ഒരു സ്ത്രീ ഈ സംഭവങ്ങളിൽ വിശ്വാസം അർപ്പിച്ചു കൊണ്ട് ബർണ്ണർദീത്തായുടെ അമ്മയോട് കൂടെ പോകുവാൻ അനുവാദം ചോദിച്ചു. ബർണ്ണർദീത്തായുടെ അമ്മ അവരുടെ കൂടെ പോകുവാൻ അവളെ അനുവദിച്ചു.

**മൂന്നാമത്തെ ദർശനം – 1858 ഫെബ്രുവരി, വ്യാഴാഴ്ച**

മൂന്നു പേരും വളരെ നേരത്തെ കുർബ്ബാനയ്ക്കു പോയി. പിന്നീട് അവർ ഗ്രോട്ടോയിലേക്കു പോയി. മാഡം മില്ലറ്റ് വെഞ്ചരിച്ച ഒരു മെഴുതിരിയും ആന്റോ നെറ്റ് പെയ്റ്റർ ഒരു പേന, പേപ്പർ, മഷി എന്നിവയും കരുതിയിരുന്നു. യുവതി എന്തെങ്കിലും പറഞ്ഞാൽ എഴുതി എടുക്കാനാണ് ഇതെല്ലാം കൊണ്ടുപോയത്. എന്നാൽ യുവതി ബർണ്ണർദീത്തായോട് പറഞ്ഞു: "ഞാൻ നിന്നോടു പറയുന്ന കാര്യങ്ങളൊന്നും എഴുതിയെടുക്കേണ്ട ആവശ്യമില്ല. 15 ദിവസം അടുപ്പിച്ച് നിനക്ക് ഇവിടെ വരുവാൻ പറ്റുമോ?" അവൾ വരാമെന്ന് വാഗ്ദാനം ചെയ്തു. ഈ ലോകത്തിൽ ബർണ്ണർദീത്താക്ക് കിട്ടുന്ന സന്തോഷത്തെക്കുറിച്ച് യുവതി പറഞ്ഞില്ലെങ്കിലും സ്വർഗ്ഗത്തിൽ ഈ സന്തോഷം നിന്നെ കാത്തിരിക്കുന്നുണ്ടാകും എന്ന് യുവതി ഉറപ്പുകൊടുത്തു.

**നാലാമത്തെ ദർശനം – 1858 ഫെബ്രുവരി 19, വെള്ളിയാഴ്ച**

ചില അയൽക്കാരോടൊപ്പം ബർണ്ണർദീത്തായുടെ മാതാപിതാക്കളും ആന്റിയും ഗ്രോട്ടോ യിലേക്കു പോയി. ബർണ്ണർദീത്തായും കൂടെയുണ്ടായിരുന്നു. ബർണ്ണർദീത്താ കൊന്ത ചൊല്ലാൻ തുടങ്ങിയപ്പോൾ അവളുടെ മുഖം രൂപാന്തരപ്പെടുന്നതും പ്രകാശിക്കുന്നതും അവർ കണ്ടു.

**അഞ്ചാമത്തെ ദർശനം – 1858 ഫെബ്രുവരി 20, ശനിയാഴ്ച**

അഞ്ചാമത്തെ ദർശനത്തിൽ ആ യുവതി ബർണ്ണർദീത്തായെ ഒരു പ്രാർത്ഥന പഠിപ്പിച്ചു. ആരോടും അവൾ ഈ പ്രാർത്ഥനയെക്കുറിച്ച് വെളുപ്പെടുത്തിയില്ല. മരണം വരെ അവൾ ഈ

പ്രാർത്ഥന ദിവസവും ചൊല്ലിയിരുന്നു. തന്നോട് വെഞ്ചരിച്ച ഒരു മെഴുകുതിരി കൊണ്ടുവരണമെന്ന് പരിശുദ്ധ അമ്മ നിർദ്ദേശിച്ചതായി മാത്രം ബർണ്ണർദീത്താ മറ്റുള്ളവരോടു പറഞ്ഞു. ഇന്നും ഇവിടെ നിരന്തരമായി മെഴുതിരി കത്തിക്കൊണ്ടിരിക്കുന്നു.

**ആറാമത്തെ ദർശനം – 1858 ഫെബ്രുവരി 21, ഞായറാഴ്ച**

അന്ന് പരിശുദ്ധ അമ്മ "പാപികൾക്കു വേണ്ടി പ്രാർത്ഥിക്കണം" എന്ന് ബർണ്ണർദീത്തായോട് പറഞ്ഞു. അവൾ എന്നും അത് അനുസരിച്ചിരുന്നു. അന്നേ ദിവസം വളരെ ആളുകൾ അവിടെ സന്നിഹിതരായിരുന്നു. ലൂർദ്ദിലെ പ്രഗൽഭനായ ഭിഷഗ്വരൻ ഡോക്ടർ ഡോസസ്സ് അവിടെ സന്നിഹിതനായിരുന്നു. അയാൾ ജനത്തോട് പറഞ്ഞു. ബർണ്ണർദീത്താ ഈ അവസരത്തിൽ തികച്ചും ആരോഗ്യവതിയായിരുന്നു. അവളുടെ നാഡിമിടിപ്പ് സാധാരണഗതിയിലായിരുന്നു. "സമനില തെറ്റിയ രീതിയിലുള്ള ശാരീരിക അവസ്ഥ ആയിരുന്നില്ല." പരിശുദ്ധ അമ്മ അവളോടു സംസാരിക്കുന്ന സമയത്ത് എന്നു കൂടി ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നു.

ഇതേ തുടർന്ന് പല മീറ്റിങ്ങുകളും ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സംഘടിപ്പിക്കപ്പെട്ടു. പല ഭിന്നാഭിപ്രായങ്ങളും ഈ ദർശനങ്ങളെക്കുറിച്ച് ഉണ്ടായി. ഇങ്ങനെ ജനക്കൂട്ടം തിങ്ങികൂടുമ്പോഴുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് അവർ, യം ഡ്യൂട്ടർ എന്ന ഭരണാധികാരിയെ അറിയിച്ചു. ബർണ്ണർദീത്തായെ ഗ്രോട്ടോയിൽ പോകുന്നത് വിലക്കുവാൻ, അവർ ആവശ്യപ്പെട്ടു. താൻ പരിശുദ്ധ അമ്മയോട് അവിടെ ചെല്ലുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്നും, അത് മുടക്കുവാൻ പറ്റില്ലെന്നും അവൾ പറഞ്ഞു. ഭരണാധിപൻ രണ്ട് ഉദ്യോഗസ്ഥരെ ഇതിനെപറ്റി പഠിക്കാൻ നിയോഗിച്ചു. പോലീസ് മുഖ്യൻ യം ജാക്കോമെറ്റും, യം.എസ്. ട്രേയ്ഡും. ബർണ്ണർദീത്തായും പോലീസ് സൂപ്രണ്ടും തമ്മിലുള്ള സംഭാഷണം സുഹൃത്തായ യം.എസ്. ട്രേയ്ഡ് റെക്കോർഡ് ചെയ്തു. പോലീസ് മുഖ്യൻ മനഃപൂർവ്വം ബർണ്ണർദീത്തായുടെ ദർശനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കിക്കാൻ ഒരു ശ്രമം നടത്തി. പക്ഷേ, പരാജയപ്പെട്ടു. പിന്നീട് പോലീസ് അവളെ അവളുടെ പിതാവിന് വിട്ടുകൊടുത്തു. ഇനി അവളെ ഗ്രോട്ടോയിലേക്കു വിടരുതെന്ന് ആവശ്യപ്പെട്ടു. പക്ഷേ, ബർണ്ണർദീത്തായുടെ ഉൾവിളി അത്ര ശക്തമായിരുന്നു. ബാഹ്യമായ ഒരു ശക്തിക്കും അവളെ പിൻതിരിപ്പിക്കാനായില്ല. 1858 ഫെബ്രുവരി 22 തിങ്കളാഴ്ച സ്കൂൾ വിട്ട് അവൾ ഗ്രോട്ടോയിലെത്തി. ഇത് കണ്ട രണ്ട് പോലീസുകാർ അവളെ പിന്തുടർന്നു. കൂടെ ജനക്കൂട്ടവും. അവൾ പതിവു സ്ഥലത്ത് മുട്ടുകുത്തി. എഴുന്നേറ്റപ്പോൾ പോലീസ് അവളോടു ചോദിച്ചു. "ഇന്നും നീ ആ യുവതിയെ കണ്ടോ?" എന്ന്. അവൾ പറഞ്ഞു: "ഞാൻ കണ്ടില്ല."

"പോലീസിനെ കണ്ടപ്പോൾ യുവതി പേടിച്ച് സുരക്ഷിതമായ ഏതെങ്കിലും സ്ഥലത്തു പോയിട്ടുണ്ടാകും" എന്നു പറഞ്ഞ് ജനം കളിയാക്കി.

**ഏഴാമത്തെ ദർശനം – 1858 ഫെബ്രുവരി 23, ചൊവ്വാഴ്ച**

ഈ സമയം ഏകദേശം ഇരുന്നൂറോളം ആളുകൾ സന്നിഹിതരായിരുന്നു. ബർണ്ണർദീത്തായ്ക്ക് ഈ സമയത്തുണ്ടായ രൂപാന്തരീകരണങ്ങൾ കണ്ട് ജനം തങ്ങളുടെ തൊപ്പി ഊരി മുട്ടിന്മേൽ നിന്നു. അവൾ ഇടയ്ക്കിടെ തല കുമ്പിട്ടു വണങ്ങി ഗൗരവമായി എന്തോ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നത് ജനം കണ്ടു. ഒരു മണിക്കൂർ നീണ്ടുനിന്ന ഈ ദർശനത്തിനൊടുവിൽ അവൾ റോസാച്ചെടി നിന്നിരുന്ന ഭാഗത്തേക്കു തിരിഞ്ഞ് തറയിൽ ചുംബിച്ചു. എന്താണ് പരിശുദ്ധ അമ്മ പറഞ്ഞതെന്ന് ചോദിച്ചപ്പോൾ "മൂന്നു രഹസ്യങ്ങൾ അമ്മ എനിക്കു വെളിപ്പെടുത്തി" എന്നു പറഞ്ഞു. പക്ഷേ, അവൾ അത് അവർക്കു വെളിപ്പെടുത്തിയില്ല.

**എട്ടാമത്തെ ദർശനം – 1858 ഫെബ്രുവരി 24, ബുധനാഴ്ച**

ദർശന സമയത്ത് നാനൂറോളം വരുന്ന ജനത്തോട് ബർണ്ണർദീത്താ മൂന്നു തവണ "പശ്ചാത്തപിക്കുക, പശ്ചാത്തപിക്കുക, പശ്ചാത്തപിക്കുക" എന്നു പറഞ്ഞു.

**ഒമ്പതാമത്തെ ദർശനം – 1858 ഫെബ്രുവരി 25, ബുധനാഴ്ച**

ദർശന സമയം ബർണ്ണർദീത്തായോട് പരിശുദ്ധ അമ്മ ഉറവയിൽ നിന്ന് കുടിക്കാനും, കുളി

ക്കാനും പറഞ്ഞു. അവിടെ അങ്ങനെ ഒരു ഉറവയേ ഇല്ലായിരുന്നു. ചിന്താക്കുഴപ്പത്തിലായിരുന്ന അവളുടെ താഴെ പെട്ടെന്ന് നനവു ഊറി വരുന്നതും വെള്ളകുമിളകൾ സാവധാനത്തിൽ പ്രത്യക്ഷപ്പെടുന്നതും അവൾ കണ്ടു. അവൾ വെള്ളമെടുത്ത് കുടിക്കുകയും മുഖം കഴുകുകയും ചെയ്തു. അടുത്ത ദിവസം വെള്ളം കൂടാൻ തുടങ്ങി. അത് ഒരു വലിയ അരുവിയായി തീർന്നു. പരിശുദ്ധ അമ്മയുടെ നേരിട്ടുള്ള ആജ്ഞപ്രകാരം ഉടലെടുത്തതാണ് ആ അരുവി .ഗ്രോട്ടോയിൽ നിന്നും ഇന്നും ഒഴുകിക്കൊണ്ടിരിക്കുന്ന വിശുദ്ധജലം ദൈവകൃപയുടെ നീർച്ചാലായി ജനം അനുഭവിച്ചുകൊണ്ടിരിക്കുന്നു.

**പത്താമത്തെ ദർശനം – 1858 ഫെബ്രുവരി 27**

ഈ സമയത്ത് പരിശുദ്ധ അമ്മ പാപികൾക്കുവേണ്ടി ഈ ഭൂമിയെ ചുംബിക്കാൻ അവളോട് ആവശ്യപ്പെട്ടു. അവൾ അങ്ങനെ ചെയ്യുന്നത് കണ്ട് ജനക്കൂട്ടവും അത് ആവർത്തിച്ചു.

**പതിനൊന്നാമത്തെ ദർശനം – 1858 ഫെബ്രുവരി 28, ഞായറാഴ്ച**

അന്നു രാവിലെ ഏകദേശം 2000 ആളുകൾ അവിടെ കൂടിയിരുന്നു. പരിശുദ്ധ അമ്മ ഗ്രോട്ടോയുടെ സ്ഥാനത്ത് ഒരു പള്ളി പണിയുവാൻ വൈദികനോടു പറയുവാൻ അവളോട് ആവശ്യപ്പെട്ടു.

**പന്ത്രണ്ടാമത്തെ ദർശനം – 1858 മാർച്ച് 1, തിങ്കളാഴ്ച**

അന്നേ ദിവസം ബർണ്ണർദീത്താ മറ്റൊരാളുടെ കൊന്ത കൊണ്ടുപോയി. അത് പരിശുദ്ധ അമ്മ കണ്ടെത്തി അവളോട് ചോദിച്ചു. പൗളിൻ സാൻസ് അന്നേ ദിവസം തന്റെ കൊന്ത കൊണ്ടുപോകാൻ അവളെ നിർബ്ബന്ധിക്കുകയായിരുന്നു.

**പതിമൂന്നാമത്തെ ദർശനം – 1858 മാർച്ച് 2, ചൊവ്വാഴ്ച**

ബർണ്ണർദീത്ത അതിരാവിലെ ഗ്രോട്ടോയിലെത്തി പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യത്തിൽ കൊന്ത ചൊല്ലാൻ തുടങ്ങി. സ്തുതിപ്പിന്റെ നേരത്തൊഴികെ മറ്റെല്ലാ നേരത്തും അമ്മ നിശ്ശബ്ദയായിരുന്നു.

**പതിനാലാമത്തെ ദർശനം – 1858 മാർച്ച് 3, ബുധനാഴ്ച**

വൈദികൻ ഒരു പള്ളി പണിയണമെന്നും അവിടേയ്ക്ക് ജനങ്ങൾ റാലിയായി വരണമെന്നും പരിശുദ്ധ അമ്മ പറഞ്ഞു. അവൾക്ക് ഇത് വൈദികനോടു പറയാൻ ഭയമായി. വൈദികൻ ഇത് പറഞ്ഞപ്പോൾ അവളോടു പറഞ്ഞു. പള്ളി പണിയണമെങ്കിൽ ആ സുന്ദരിയായ യുവതി തന്നെത്തന്നെ വെളിപ്പെടുത്തി താൻ ആരാണെന്ന് പറയണം.

**പതിനഞ്ചാമത്തെ ദർശനം – 1858 മാർച്ച് 4, വ്യാഴാഴ്ച**

ബർണ്ണർദീത്താ ആ യുവതിയുടെ ഗ്രോട്ടോയിലേക്ക് വരുന്നതിന്റെ പതിനഞ്ചാമത്തെ ദിവസമായിരുന്നു അന്ന്. പരിശുദ്ധ അമ്മ അവളോടു വരുവാൻ ആവശ്യപ്പെട്ടതിന്റെ അവസാനത്തെ ദിവസമാണ് അതെന്ന് ഫ്രാൻസിലെ എല്ലാവർക്കും അറിയാമായിരുന്നു. ഇരുപതിനായിരത്തോളം ജനം അവിടെ കൂടിയിരുന്നു. യൂണിഫോമണിഞ്ഞ സൈന്യവും അക്കൂട്ടത്തിലുണ്ടായിരുന്നു. ദർശനത്തിനൊടുവിൽ അവൾ പറഞ്ഞു. "യാത്ര പറയുന്ന രീതിയിൽ ഒന്നും ആ യുവതി പറഞ്ഞില്ല. അതുകൊണ്ട് ഞാൻ ഇനിയും ഇവിടെ വരും." ബർണ്ണർദീത്തായ്ക്കു കിട്ടിയ ഈ ദർശനവും മറ്റും തങ്ങൾക്കും ലഭിക്കാത്തതിൽ അവർ നിരാശപ്പെട്ടിരിക്കെ പെട്ടെന്ന് റോസാച്ചെടിയിൽ മൊട്ടു വിരിഞ്ഞു.

**പതിനാറാമത്തെ ദർശനം – 1858 മാർച്ച് 25, വ്യാഴാഴ്ച**

അന്ന് മംഗളവാർത്താതിരുനാളായിരുന്നു. അന്നത്തെ ദർശനത്തിൽ ആ യുവതി തന്നെത്തന്നെ വെളിപ്പെടുത്തി. "ഞാൻ അമലോത്ഭവയാണ്" എന്നു പറഞ്ഞു. ഇത് എന്താണെന്ന് അവൾക്കു മനസ്സിലായില്ല. എന്നാൽ കൂടുതൽ ജനം ലൂർദ്ദിൽ തടിച്ചു കൂടാൻ തുടങ്ങി. ഒരു പ്രാദേശിക ഉദ്യോഗസ്ഥൻ മൂന്നു ഡോക്ടർമാരെക്കൊണ്ട് ബർണ്ണർദീത്തായെ പരിശോധിപ്പിച്ചു നോക്കി. ബർണ്ണർദീത്താ ശാരീരികമായും മാനസികമായും ആരോഗ്യമുള്ളവളാണെന്നും,

ഇതൊന്നും ഒരു മിഥ്യയല്ലെന്നും അവർ സാക്ഷ്യപ്പെടുത്തി.

**പതിനേഴാമത്തെ ദർശനം – 1858 ഏപ്രിൽ 7, ബുധനാഴ്ച**

ബർണ്ണർദീത്താ മുടങ്ങാതെ കൊണ്ടുവന്നിരുന്ന മെഴുകുതിരി അന്നും കത്തിച്ച് ഗ്രോട്ടോയിൽ പ്രാർത്ഥന തുടങ്ങി. അവൾ അറിയാതെ ഒരു കൈ തീജ്വാലകൾക്ക് മുകളിലായി. കയ്യിലേക്ക് ആളുന്ന തീ, കണ്ട് ജനം ഓളിയിടാൻ തുടങ്ങി. എന്നാൽ ഇതൊന്നുമറിയാതെ വേദന പോലും അറിയാതെ അവൾ പ്രാർത്ഥനയിൽ പതിനഞ്ചു മിനിട്ടു കൂടി തുടർന്നു. പ്രാർത്ഥന അവസാനിച്ചപ്പോൾ ഡോക്ടർ ഡോസസ്സ് അവളറിയാതെ മറ്റൊരു കത്തിച്ച തിരി അവളുടെ കയ്യിൽ മുട്ടിച്ചു. പെട്ടെന്ന് അവൾ വേദനയാൽ കരയാൻ തുടങ്ങി. ഇത് എല്ലാവരെയും അതിശയിപ്പിക്കുകയും വിശ്വാസത്തെ വളർത്തുകയും ചെയ്തു. ഇതോടെ വൈദികൻ ഗ്രോട്ടോയുടെ കാര്യങ്ങൾ നേരിട്ട് ഏറ്റെടുക്കുകയും ഗ്രോട്ടോ അടച്ചിടാൻ കല്പിക്കുകയും ചെയ്തു.

**പതിനെട്ടാമത്തെ ദർശനം – 1858 ജൂലായ് 16, വെള്ളിയാഴ്ച**

കർമ്മലമാതാവിന്റെ തിരുനാളിൽ വിശുദ്ധ കുർബ്ബാന സ്വീകരണത്തിനുശേഷം ഗ്രോട്ടോയിലേക്കു പോകുവാൻ അതിയായ പ്രചോദനം ബർണ്ണർദീത്തായ്ക്കുണ്ടായി. തന്റെ ആന്റിയോടൊപ്പം പോയ അവൾക്ക്, ഗ്രോട്ടോയുടെ ചുറ്റുമുള്ള സ്ഥലം കടക്കാനാകാത്തവിധം തടസ്സപ്പെടുത്തിയിരിക്കുന്നതിനാൽ, പതിവുള്ള സ്ഥലത്തേക്ക് കടക്കാനായില്ല. എങ്കിലും അവൾ പുല്ലിൽ മുട്ടുകുത്തി. ഒരിക്കൽകൂടി അവസാനമായി സുന്ദരിയായ യുവതി അവൾക്കു ദർശനം നൽകി.

ബർണ്ണർദീത്താ പിന്നീട് ഉപവി സന്യാസസഭയിൽ ചേർന്നു. ജീവിതകാലം മുഴുവൻ രോഗിയായിരുന്നിട്ടും അവൾ ക്ഷമയോടെ തന്റെ ചുമതലകൾ നിറവേറ്റിയിരുന്നു.

1879, ഏപ്രിൽ 16ന് അവൾ മരണമടഞ്ഞു. 34 വയസ്സിൽ മരണമടഞ്ഞ അവളുടെ ശരീരം ഫ്രാൻസിലെ ഉപവിമഠത്തിൽ സംസ്കരിച്ചു. മുപ്പതു വർഷങ്ങൾക്കു ശേഷം അവളുടെ കബറിടം തുറന്നു നോക്കിയപ്പോൾ പ്രകൃതിയുടെ പ്രതിഭാസങ്ങൾക്കു വിപരീതമായി അഴുകാതിരിക്കുന്നുണ്ടായിരുന്നു.

1919 സെപ്തംബർ 22ന് വീണ്ടും കബറിടം തുറന്നു. പത്തു കൊല്ലം മുമ്പു തുറന്നപ്പോഴുണ്ടായ അതേ നിലയിൽ തന്നെ വീണ്ടും ശരീരം കാണാൻ കഴിഞ്ഞു. ഫ്രാൻസിലെ സെന്റ് ബർണ്ണർദീത്താ ചാപ്പലിൽ സ്വർണ്ണമഞ്ചലിൽ ചില്ലിന്റെ ഉള്ളിലൂടെ ഇന്നും ആ പുണ്യവതിയുടെ ശവശരീരം കാണാൻ കഴിയും.